MR. PRESIDENT : ഈ സംഗതിയെപ്പറ്റി എനിക്കു പറയുവാനുള്ളതു ഇപ്രകാരമാണ്. രണ്ടു പത്രപ്രസ്താവനകളെപ്പറ്റിയാണു ഇവിടെ സംസാരിച്ചതു്. അതിലൊന്നു ഈ സഭയിലെ രണ്ടു മെംബറന്മാർ ടെക്സ്റ്റു ബുക്കു തിരഞ്ഞെടുപ്പു സംബന്ധിച്ചു ന്യായരഹിതമായ ചില പ്രവൃത്തികൾ ചെയ്തു എന്നാണ്. മെംബറന്മാരെപ്പറ്റി ഇതുപോലുള്ള ആരോപണങ്ങൾ ബ്രിട്ടീഷുപാർലമെൻറിൽ സാധാരണയാതൊരു നടപടിയും നടത്തേണ്ടതായിട്ടില്ലെന്നാണ് അതിലെ സ്പീക്കർ അഭിപ്രായപ്പെട്ടിട്ടുള്ളതു്. എന്നാൽ നടപടി എടുക്കണമെന്നു സഭയ്ക്കു അഭിപ്രായമുണ്ടെങ്കിൽ സഭയുടെ അഭിപ്രായപ്രകാരം നടപടി നടത്താമെന്നുമാണ് പാർലമെൻറിലെ നടപടിയിൽ കാണുന്നതു്. ഏതായാലും ഈ സംഗതിയെപ്പറ്റി അടുത്ത ഒസെഷ്യനിൽ ആലോചിക്കാവുന്നതാണ്. രണ്ടാമത്തെ പ്രസ്താവന മന്ത്രിമാരെയും പ്രസിഡൻറിനെയും പറ്റിയുള്ളതാണ്. പ്രസിഡൻറു നിഷ്പക്ഷത പാലിച്ചില്ലാ എന്നാണു ആരോപണം. അതു തികച്ചും ഈ സഭയുടെ അന്തസ്സിനെ ബാധിക്കുന്നതാണെന്നുള്ള അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. അതുകൊണ്ടു് ആ പത്രം ഒരാഴ്ചയ്ക്കകം ഈ പ്രസ്താവന പിൻവലിക്കാത്ത പക്ഷം ഈ സഭയുടെ പ്രസിഡൻറു എന്ന നിലയിൽ ഉള്ള അധികാരം വിനിയോഗിച്ചു നടപടി നടത്തുന്നതാണ്.

സഭ ഇപ്പോൾ പിരിയുന്നതും ർ-൭൦-നു വീണ്ടും കൂടുന്നതുമാണ്. ർ-൫-൭-നു് സഭ പിരിഞ്ഞു.

ELECTION TO CONSTITUENT ASSEMBLY OF INDIA

ർ-൭൦-നു പ്രസിഡൻറിന്റെ അദ്ധ്യക്ഷതയിൽ സഭ വീണ്ടും കൂടി. ഇൻഡ്യൻ കോൺസ്റ്റിറ്റ്യുവൻറു അസംബ്ലിയിലേക്കുള്ള തിരഞ്ഞെടുപ്പു നടന്നു. താഴെ പറയുന്ന അംഗങ്ങളെ തിരഞ്ഞെടുത്തതായി പ്രഖ്യാപനം ചെയ്യപ്പെട്ടു:—

ശ്രീ. ഏ. താണുപിള്ള.
,, ഏ. അച്യുതൻ.
,, പി. എസ്. നടരാജപിള്ള.
,, ആർ. വി. തോമസ്.
,, കെ. ഏ. മുഹമ്മദ്.
,, ഇ. ജാൻപില്ലിപ്പോസ്.

MR. PRESIDENT : ഇപ്പോൾ ഈ സഭ പിരിച്ചു വിട്ടിരിക്കുന്നു.

The House adjourned (*Sine die*) at 6-5 P. M.

V. KRISHNAMOORTHI AIYAR,
Secretary to the Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly